# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറ്റൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.പിറ്റിഎ.പി 4 - 610/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 02/10/2021
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറ്റൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പിറ്റിഎ.പി 4 - 610/21 തീയ്യതി: 02/10/2021

## പത്തനംതിട്ട ജില്ലയിലെ കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-06-2019 മുതൽ 31-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി.കെ.വിജയലക്ഷ്മി | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 09-08-2021 | 31-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-08-2021 | 31-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ വി.കെ.രഞ്ജീവ്,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ അരുൺ പി.ബി.,സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ അനിൽകുമാർ പി.,സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ സുനിൽകുമാർ യു.എസ്.,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീലേഖ രഘുനാഥ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി രേഖ | സെക്രട്ടറി | 01-04-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അലക്സാണ്ടർ എം | അസ്സി.സെക്രട്ടറി | 01-04-2020 | 15-06-2020 |
| ശ്രീ ജോഗ്ലിൻ ക്രിസ്റ്റി | അസ്സി.സെക്രട്ടറി | 15-06-2020 | 31-03-2021 |
| ശ്രീ വിപിൻകൃഷ്ണ | അസ്സി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ ജയൻ റ്റി.വൈ | കൃഷി ഓഫീസർ | 01-04-2020 | 15-09-2020 |
| ശ്രീ സുരേഷ് ബി | കൃഷി ഓഫീസർ | 22-09-2020 | 31-03-2021 |
| ശ്രീ ജോതീന്ദ്രൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ശ്രീ സുനിൽ എസ് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2020 | 27-02-2021 |
| ശ്രീമതി ദീപാ ആർ.എസ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീ അനീഷ് രാജ് | വെറ്ററിനറി സർജൻ | 01-04-2020 | 25-09-2020 |
| ശ്രീ ജുൾഫിൻ എ യോഗി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി ദീപ്തി എസ് | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി ബിന്ദു ദേവി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഉഷാകുമാരി എം | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീമതി പുഷ്പകുമാരി എൽ.കെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ranjeev V.K (Audit Officer (HG), On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-10-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Ranjeev V.K (Audit Officer (HG), On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Ranjeev V.K (Audit Officer (HG), On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-10-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Ranjeev V.K (Audit Officer (HG), On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-10-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Ranjeev V.K (Audit Officer (HG), On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-10-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ranjeev V.K (Audit Officer (HG), On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-10-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Ranjeev V.K (Audit Officer (HG), On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-10-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Ranjeev V.K (Audit Officer (HG), On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-10-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Ranjeev V.K (Audit Officer (HG), On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-10-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Ranjeev V.K (Audit Officer (HG), On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-10-2021) | 1-10 |
| 11 | ഇ ടെണ്ടർ ഫാറവില ഈടാക്കിയില്ല<br>Written By: Ranjeev V.K (Audit Officer (HG), On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-10-2021) | 1-11 |
| 12 | വാടക യഥാസമയം ഒടുക്ക് വരുത്താത്ത വ്യക്തിക്ക് വാടകകരാറും ലൈസൻസും പുതുക്കി നൽകി<br>Written By: Sunilkumar.U.S (Auditor, On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-10-2021) | 1-12 |
| 13 | വസ്തുനികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നില്ല<br>Written By: Sunilkumar.U.S (Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-10-2021) | 1-13 |
| 14 | വസ്തുനികുതി ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്നത് 12,37,717 രൂപ<br>Written By: Sunilkumar.U.S (Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-10-2021) | 1-13-1 |
| 15 | ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി ഒടുക്കുന്നില്ല<br>Written By: Sunilkumar.U.S (Auditor, On 31-08-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 01-10-2021) | 1-13-2 |
| 16 | കടമുറികളുടെ വാടകയിനത്തിൽ ഈടാക്കാനുള്ളത് 4,07,391 രൂപ<br>Written By: Sunilkumar.U.S (Auditor, On 29-08-2021)<br>Last Updated By: Johncy John (Computer Assistant, On 28-09-2021) | 1-14 |

| | | |
|---|---|---|
| 17 | അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് അവഗണിച്ച് ക്ഷേമപെൻഷൻ അനുവദിച്ചു- അപേക്ഷകരുടെ അർഹത പുന:പരിശോധനക്ക് വിധേയമാക്കണം<br>Written By: Sunilkumar.U.S (Auditor, On 27-08-2021)<br>Last Updated By: Joe M James (Computer Assistant, On 29-09-2021) | 1-15 |
| 18 | സാമൂഹിക സുരക്ഷാ പെൻഷൻ പട്ടികയ്ക് ഗ്രാമസഭയുടെ അംഗീകാരം ഇല്ല<br>Written By: Sunilkumar.U.S (Auditor, On 28-08-2021)<br>Last Updated By: Johncy John (Computer Assistant, On 28-09-2021) | 1-16 |
| 19 | ശ്മശാനം പണിതില്ല;എസ് സി പി ഫണ്ട് 21.5ലക്ഷം നഷ്ടപ്പെട്ടു<br>Written By: Ranjeev V.K (Audit Officer (HG), On 31-08-2021)<br>Last Updated By: Joe M James (Computer Assistant, On 29-09-2021) | 1-17 |
| 20 | അങ്കണവാടികൾക്ക് ഫാൻ വാങ്ങിയത് സ്ഥാപിച്ചില്ല.<br>Written By: Sunilkumar.U.S (Auditor, On 29-08-2021)<br>Last Updated By: Johncy John (Computer Assistant, On 28-09-2021) | 1-18 |
| 21 | അങ്കണവാടികൾ- ഭൗതിക സാഹചര്യം - അവലോകനം<br>Written By: Sunilkumar.U.S (Auditor, On 29-08-2021)<br>Last Updated By: Johncy John (Computer Assistant, On 28-09-2021) | 1-18-1 |
| 22 | അപരാജിത ധൂമചൂർണ്ണം - വിനിയോഗ വിവരം ഹാജരാക്കിയില്ല<br>Written By: Sunilkumar.U.S (Auditor, On 29-08-2021)<br>Last Updated By: Johncy John (Computer Assistant, On 28-09-2021) | 1-19 |
| 23 | ആയുർവേദ ഡിസ്പെൻസറിയിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ- മുൻകൂർ തുക കൈമാറി<br>Written By: Sunilkumar.U.S (Auditor, On 29-08-2021)<br>Last Updated By: Johncy John (Computer Assistant, On 28-09-2021) | 1-20 |
| 24 | ആരോഗ്യകേന്ദ്രങ്ങളിലേക്ക് മരുന്ന് വാങ്ങൽ 2.19 ലക്ഷം രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല<br>Written By: Sunilkumar.U.S (Auditor, On 29-08-2021)<br>Last Updated By: Johncy John (Computer Assistant, On 28-09-2021) | 1-21 |
| 25 | എംജിഎൻആർഇജിഎസ് ക്രമക്കേട് : ജില്ലാപ്രോഗ്രാം കോ-ഓർഡിനേറ്റർ നിർണയിച്ച നഷ്ടം ഈടാക്കിയില്ല<br>Written By: Ranjeev V.K (Audit Officer (HG), On 01-09-2021)<br>Last Updated By: Joe M James (Computer Assistant, On 29-09-2021) | 1-22 |
| 26 | നിക്ഷേപ പ്രവൃത്തികൾ - അവലോകനം<br>Written By: P Anilkumar (Senior Grade Auditor, On 01-09-2021)<br>Last Updated By: Johncy John (Computer Assistant, On 28-09-2021) | 1-23 |
| 27 | പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരം ഇല്ലാതെ പി.എച്ച്.സി-യിലേക്ക് ലാബ് റീഏജന്റുകൾ വാങ്ങി<br>Written By: Arun P B (Senior Grade Auditor, On 31-08-2021)<br>Last Updated By: Johncy John (Computer Assistant, On 28-09-2021) | 1-24 |
| 28 | പാലിയേറ്റീവ് കെയർ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Arun P B (Senior Grade Auditor, On 31-08-2021)<br>Last Updated By: Johncy John (Computer Assistant, On 28-09-2021) | 1-25 |
| 29 | പി.എച്ച്.സി-യിലേക്ക് മരുന്ന് വാങ്ങൽ 4.40 ലക്ഷം രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല<br>Written By: Arun P B (Senior Grade Auditor, On 31-08-2021)<br>Last Updated By: Johncy John (Computer Assistant, On 28-09-2021) | 1-26 |
| 30 | സർക്കാർ ഉത്തരവിന് വിരുദ്ധമായി കെയ്കോ-യിൽ നിന്ന് നേരിട്ട് നടീൽ വസ്തുക്കൾ വാങ്ങി<br>Written By: Arun P B (Senior Grade Auditor, On 31-08-2021)<br>Last Updated By: Johncy John (Computer Assistant, On 28-09-2021) | 1-27 |

| | | |
|---|---|---|
| 31 | കുടിവെള്ള വിതരണം - നിബന്ധനയ്ക്ക് വിരുദ്ധമായി തുക അനുവദിച്ചു<br>Written By: Sunilkumar.U.S (Auditor, On 01-09-2021)<br>Last Updated By: Johncy John (Computer Assistant, On 28-09-2021) | 1-28 |
| 32 | കുടിവെള്ള വിതരണം - കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത് ആളിന് കരാർ നൽകിയില്ല<br>Written By: Sunilkumar.U.S (Auditor, On 01-09-2021)<br>Last Updated By: Johncy John (Computer Assistant, On 28-09-2021) | 1-29 |
| 33 | ടെണ്ടർ കുറവ് തിരിച്ചടച്ചു<br>Written By: Ranjeev V.K (Audit Officer (HG), On 31-08-2021)<br>Last Updated By: Johncy John (Computer Assistant, On 28-09-2021) | 1-30 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sunilkumar.U.S (Auditor, On 01-09-2021)<br>Last Updated By: Johncy John (Computer Assistant, On 28-09-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sunilkumar.U.S (Auditor, On 01-09-2021)<br>Last Updated By: Johncy John (Computer Assistant, On 28-09-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sunilkumar.U.S (Auditor, On 01-09-2021)<br>Last Updated By: Johncy John (Computer Assistant, On 28-09-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sunilkumar.U.S (Auditor, On 01-09-2021)<br>Last Updated By: Johncy John (Computer Assistant, On 28-09-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Sunilkumar.U.S (Auditor, On 01-09-2021)<br>Last Updated By: Sunilkumar.U.S (Auditor, On 01-09-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sunilkumar.U.S (Auditor, On 01-09-2021)<br>Last Updated By: Johncy John (Computer Assistant, On 28-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sunilkumar.U.S (Auditor, On 01-09-2021)<br>Last Updated By: Johncy John (Computer Assistant, On 28-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sunilkumar.U.S (Auditor, On 01-09-2021)<br>Last Updated By: Johncy John (Computer Assistant, On 28-09-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sunilkumar.U.S (Auditor, On 01-09-2021)<br>Last Updated By: Johncy John (Computer Assistant, On 28-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P Anilkumar (Senior Grade Auditor, On 01-09-2021)<br>Last Updated By: Johncy John (Computer Assistant, On 28-09-2021) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം<br>Written By: Ranjeev V.K (Audit Officer (HG), On 01-09-2021)<br>Last Updated By: P.K Vijayalakshmi (Deputy Director, On 02-10-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 25.03.2020 തീയതിയിലെ I/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 19.02.2021തീയതിയിലെ II(I)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 28.05.2021 |

വാർഷികകണക്കിലെ അപാകതകൾ

കുറ്റൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2020-21-ലെ വാർഷിക ധനകാര്യ പത്രിക, സൂചന പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. ധനകാര്യ പത്രികയുടെ പരിശോധനയിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഷെഡ്യൂൾ ബി 3

- ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ആയി മുൻ വർഷത്തെ തുക തന്നെയാണ് കാണിച്ചിരിക്കുന്നത്. തൻവർഷം ആർജ്ജിച്ച ആസ്തികളുടെ മൂല്യം കൂട്ടിച്ചേർത്തിട്ടില്ല.

ഷെഡ്യൂൾ ബി-4

- എം.ജി.എൻ.ആർ.ഇ.ജി.എസ് ഭരണച്ചെലവ് ഇനത്തിൽ ചെലവഴിച്ചിട്ടുള്ളത് 909754 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ഇത് 353779 മാത്രമാണ്.
- ജോയിന്റ് വെൻച്വർ അക്കൗണ്ടിലെ നീക്കിയിരിപ്പ് B4 ഷെഡ്യൂൾ പ്രകാരം 366678 ആണ്. എന്നാൽ പാസ്സ് ബുക്ക് പ്രകാരം ഇത് 241678 ആണ്.

ഷെഡ്യൂൾ ബി-15

വാടക ഇനത്തിലുള്ള കുടിശ്ശികത്തുക, വാടക രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി-18

31.03.2014ൽ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത 1326454 രൂപ ഉൾപ്പെടെയുള്ള തുകകൾ ക്രമീകരിക്കാനവശേഷിക്കുന്നു.

ഷെഡ്യൂൾ ഐ1 & ആർ.പി.43

- വസ്തുനികുതി ഡിമാന്റ്, വരവ്, നീക്കിയിരിപ്പ് തുകകൾ സഞ്ചയയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9956560 |
| വരവ് | 62700224 |
| ആകെ | 72656784 |
| ചെലവ് | 63042335 |
| നീക്കിയിരിപ്പ് | 9614449 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | ബജറ്റ് പ്രകാരം അനുവദിച്ച തുക | ആകെ | ചെലവ് | ക്യൂബിൽ തുക | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 11948608 | 11948608 | 11272490 | 582653 | 93465 |
| വികസന ഫണ്ട്- | 0 | 7831745 | 7831745 | 4236591 | 1642391 | 1952763 |

| | | | | | | |
|---|---|---|---|---|---|---|
| എസ്.സി.പി | | | | | | |
| പ്രളയ ദുരിതാശ്വാസ ഫണ്ട് (ജനറൽ) | 6298000 | 0 | 6298000 | 449652 | 0 | 5848348 |
| പ്രളയ ദുരിതാശ്വാസ ഫണ്ട് (എസ്.സി.പി ) | 1319000 | 0 | 1319000 | 0 | 0 | 1319000 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 10594000 | 10594000 | 10217030 | 4355805 | 3978835 |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് | 0 | 3456681 | 3456681 | 2903080 | 0 | 553601 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 8199293 | 8199293 | 6512530 | 0 | 1686763 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 3950000 | 3950000 | 2562060 | | 1387940 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ്. | 0 | 657858 | 657858 | 445265 | 0 | 212593 |
| തൊഴിലുറപ്പ് പദ്ധതി | 266 | 18681192 | 18681458 | 18676706 | 0 | 4752 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ശുചിത്വമിഷൻ ഫണ്ട് | 0 | 2219879 | 2219879 | 1429239 | 0 | 790640 |

സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സമർപ്പിച്ച ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്ര പ്രകാരമുള്ള കണക്കുകൾ, വാർഷിക ധനകാര്യപത്രിക, യഥാർത്ഥ കണക്കുകൾ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 204 | 77277720 | 167 | 47547049 | 37 | 81.86 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | 0 | 17766952 | 17766952 | 17766952 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 266 | 914240 | 914506 | 909754 | 4752 |
| 100 തൊഴിൽ ദിനം | | 169000 | 169000 | 169000 | |

| | | | | | |
|---|---|---|---|---|---|
| പൂർത്തിയാക്കിയവർക്കുള്ള ബോണസ്സ് | | | | | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4320 | 6 |
| കർഷകതൊഴിലാളി പെൻഷൻ | 2640300 | 178 |
| വിധവാപെൻഷൻ | 8651800 | 599 |
| വാർദ്ധക്യകാലപെൻഷൻ | 23880100 | 1810 |
| വികലാംഗപെൻഷൻ | 3116700 | 213 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.08.2021ൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22637 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഡിറ്റ് വർഷം സർക്കാർ ഫണ്ടുകൾ ചെലവഴിക്കുന്നതിൽ കാര്യക്ഷമത കുറഞ്ഞിട്ടുണ്ട്. പശ്ചാത്തലമേഖലയിൽ പ്രോജക്ട് നിർവഹണത്തിൽ സമയക്രമം പാലിക്കാഞ്ഞതിനാൽ സർക്കാർ ഫണ്ടുകൾ 2 കോടിയിൽ അധികം നഷ്ടപ്പെട്ടു. പ്രോജക്ട് ആസൂത്രണ നിർവഹണത്തിൽ സർക്കാർ മാർഗനിർദേശങ്ങൾ പാലിക്കാഞ്ഞതും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടേയും സ്ഥിരം സമിതികളുടേയും മേൽനോട്ട ഉത്തരവാദിത്വത്തിലൂടെയുള്ള ആഭ്യന്തര നിയന്ത്രണത്തിൽ ജാഗ്രത കുറഞ്ഞതുമാണ് ഇതിന് ഒരു കാരണം.

എം.ജി.എൻ.ആർ.ഇ.ജി.എസിൽ വലിയ വീഴ്ചകൾ സംഭവിച്ചതും ആഭ്യന്തര നിയന്ത്രണത്തിലെ ദൗർബല്യങ്ങൾ കാരണമാണ്.

പശ്ചാത്തല മേഖലയിലെ പ്രോജക്ട് ഫയലുകൾ സൂക്ഷിക്കുന്നതിലും വീഴ്ചകൾ ഓഡിറ്റ് കണ്ടെത്തിയിട്ടുണ്ട്. അവശ്യരേഖകളില്ലാതെയാണ് മരാമത്ത് ഫയലുകൾ ഓഡിറ്റിന് സമർപ്പിച്ചത്.

ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം പശ്ചാത്തല മേഖലയിൽ നടപ്പാക്കിയ മരാമത്ത് പ്രോജക്ടുകളുടെ ഫയലുകളിൽ പദ്ധതി നിർവഹണവും അതിന്റെ ചെലവഴിച്ച തുകയുടെ കൃത്യതയും സാക്ഷ്യപ്പെടുത്തുന്ന അവശ്യരേഖകളില്ല. മരാമത്ത് ഫയലുകളിൽ സൂക്ഷിക്കേണ്ട അവശ്യരേഖകൾ വ്യക്തമാക്കി ചീഫ് എഞ്ചിനിയർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. അതിൽ പറയുന്ന രേഖകൾ ഫയലിൽ സൂക്ഷിക്കാഞ്ഞത് ഗുരുതര വീഴ്ചയാണ്.

ഫയലിനൊപ്പം സൂക്ഷിച്ച എം.ബുക്കുകളിൽ മെമ്മോറാണ്ടം ഓഫ് പേമെന്റ് എഴുതി നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെട്ടിരുന്നില്ല.ഓഡിറ്റ് നിർദേശിച്ചതിനെ തുടർന്ന് നിർവഹണഉദ്യോഗസ്ഥൻ ഇത് എഴുതി സമർപ്പിച്ചു. മരാമത്ത് ബില്ലുകളിൽ ചെലവ് നടത്തുന്നതിന് മുമ്പ് ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കുന്നതിന് ഫയലിൽ അവശ്യരേഖകൾ ഉണ്ടെന്ന് വികസനം, ധനം എന്നീ സ്ഥിരം സമതികൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20/2020 | 10/2019 To 01/2020 | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.01.2014 | 2008-09 To 2012-13 | 21.04.2014 |

## 1-11 ഇ ടെണ്ടർ ഫാറവില ഈടാക്കിയില്ല

2020-21-ലെ ഇ ടെണ്ടർ ഫാറവില 35215 രൂപ എൽ.എസ്.ജി.ഡി(ജില്ല പഞ്ചായത്ത്) എക്സി.എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് ഈടാക്കിയില്ല.

പഞ്ചാത്തലമേഖലയിൽ ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്ത് ഇ ടെണ്ടർ വഴി നടപ്പാക്കിയ മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫാറവിലയാണിത്. തുക എത്രയും വേഗം ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് ഈടാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണ(04/2020-21,13.08.2121))ത്തിന് മറുപടിയായി അസി.എഞ്ചിനിയർ സമർപ്പിച്ച സർക്കാർ ഇ ടെണ്ടറിംഗ് സെറ്റിൽ നിന്നുള്ള സ്ഥാപനതല പിരിവ് വിവരണം അടിസ്ഥാനമാക്കിയാണ് 20-21ലെ ഈടാക്കാനുള്ള ഫാറവില 35215രൂപയായി ഓഡിറ്റ് നിർണയിച്ചത്. ഇതിന്റെ കണക്ക് ഗ്രാമപഞ്ചായത്ത് സൂക്ഷിക്കുന്നില്ല.

അസി.എഞ്ചിനിയറുടെ മറുപടിയിൽ നിന്നും മുൻ വർഷങ്ങളിൽ ലഭിക്കാനുള്ള ഇ ടെണ്ടർ ഫോറവിലയുടെ കണക്ക് ഗ്രാമപഞ്ചായത്ത് സൂക്ഷിക്കുന്നില്ലെന്ന് വ്യക്തമാണ്. അതിനാൽ ജില്ലാപഞ്ചായത്ത് എക്സി.എഞ്ചിനിയറിൽ നിന്ന് ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള(മുൻ വർഷങ്ങളിലേത് ഉൾപ്പെടെ) ഇ ടെണ്ടർ ഫോറ വിലയുടെ കണക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഇ ടെണ്ടറിന്റെ പണവിനിമയം ഗ്രാമപഞ്ചായത്തിൽ തന്നെ സാധ്യമാക്കുവാൻ സർക്കാർ നിർദേശിച്ച പ്രകാരം ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. എന്നാൽ ഈ അക്കൗണ്ട് ഇ ടെണ്ടർ സെറ്റിൽ മാപ്പ് ചെയ്യിട്ടില്ല. അതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്ഥിരം സമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-12 വാടക യഥാസമയം ഒടുക്ക് വരുത്താത്ത വ്യക്തിക്ക് വാടകകരാറും ലൈസൻസും പുതുക്കി നൽകി

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറിയുടെ വാടക യഥാസമയം ഒടുക്ക് വരുത്താത്ത വ്യക്തിക്ക് 2020-21 വർഷം വാടകകരാറും ലൈസൻസും പുതുക്കി നൽകി. പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിലെ 4-ം നമ്പർ കടമുറിയിൽ വിസ്മയ ഫാബ്രിക്സ് എന്ന സ്ഥാപനം നടത്തി വരുന്ന വ്യക്തിക്കാണ് ഈ ആനുകൂല്യം നൽകിയത്. 31.03.2020-ൽ 63350രൂപ വാടക ഒടുക്കാനുള്ളപ്പോഴാണ് കുടിശ്ശിക പൂർണ്ണമായും ഈടാക്കാതെ കടമുറി തുടർന്നും വാടകക്ക് നൽകിയത്. 27.04.2020 ലെ 5(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരമാണ് 2019-20 സാമ്പത്തിക വർഷം കടമുറി വാടകക്കയ്ക്ക് എടുത്തവർക്ക് തന്നെ തുടർന്നും കടമുറി കൈവശം വയ്ക്കുന്നതിന് അനുമതി നൽകിയത്. ഗ്രാമപ്പഞ്ചായത്തിന് നൽകേണ്ടതായി ഏതെങ്കിലും നികുതിയോ ഫീസോ, മറ്റ് കടങ്ങളോ നൽകാനുള്ള ഏതൊരാൾക്കും ലൈസൻസോ മറ്റ് അനുവാദങ്ങളോ നൽകാൻ പാടില്ലെന്ന് കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 236(13)-ാം വകുപ്പിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. പഞ്ചായത്ത് രാജ് നിയമത്തിലെ ഈ വ്യവസ്ഥകൾ പാലിക്കാതെയാണ്, കടമുറി തുടർന്നും കൈവശം വയ്ക്കുന്നതിന് ടിയാന് ഭരണസമിതിയും സെക്രട്ടറിയും അനുമതി നൽകിയത്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു, സ്വീകരിച്ച തുടർനടപടിയുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നില്ല

ഗ്രാമപ്പഞ്ചായത്തിന്റെ പ്രധാന നികുതി വരുമാനമായ വസ്തുനികുതി പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല. 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് തുകയുടെ 73% മാത്രമാണ് പിരിച്ചെടുക്കുന്നതിന് സാധിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| Particulars | Demand (I-1)പ്രകാരം | Collection (RP-43) |
|---|---|---|
| Property Tax On Residential Building | 24,62,804 | 17,46,317 |
| Property Tax On Non-Residential Building | 8,48,750 | 6,91,925 |
| Total | 3311554 | 2438242 |

നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ജനപ്രതിനിധികളുടെയും സി.ഡി.എസ് അംഗങ്ങളുടെയും യോഗം വിളിക്കുന്നതിനും ജനപ്രതിനിധികളുടെ സഹകരണത്തോടെ 100% പിരിവ് നടത്തുന്നതിനാവശ്യമായ നടപടി കൈക്കൊള്ളുന്നതിനും തീരുമാനിച്ചിരുന്നു. എന്നാൽ ലക്ഷ്യം കൈവരിക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല.

പഞ്ചായത്തിന്റെ നിയമപരമായ ചുമതലകളും ദൈനം ദിന പ്രവർത്തനങ്ങളും നിർവ്വഹിക്കുന്നതിന് തനത് ഫണ്ട് വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. വസ്തുനികുതി ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക ഈടാക്കി തനത്ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സജീവ ഇടപെലുണ്ടാകേണ്ടതാണ്.

## 1-13-1 വസ്തുനികുതി ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്നത് 12,37,717 രൂപ

ഗ്രാമപഞ്ചായത്തിന്റെ പ്രധാന നികുതി വരുമാനമായ വസ്തുനികുതിയിനത്തിൽ 2020-21 സാമ്പത്തിക വർഷം 12,37,717 രൂപ ഈടാക്കാൻ അവശേഷിക്കുന്നു. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| Receivables For Property Tax On Residential Building (Current) | 752311 |
| Receivables For Property Tax On Residential Building (Arrear) | 184120 |
| Receivables For Property Tax On Non-Residential Building (Current) | 164667 |
| Receivables For Property Tax Non- Residential Building (Arrear) | 136619 |
| Total | 1237717 |

വസ്തുനികുതി പിരിവിൽ 2019-20 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് പുരോഗതി കുറവാണ് ഉണ്ടായിട്ടുള്ളത്. ഈ ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക ഈടാക്കി തനത് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 1-13-2 ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി ഒടുക്കുന്നില്ല

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ 40434 രൂപ ഈടാക്കാൻ അവശേഷിക്കുന്നു. 2016-17 സാമ്പത്തിക വർഷം മുതലുള്ള നികുതി ബി.എസ്.എൻ.എൽ ഒടുക്കാനുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമയുടെ പേര് | ഈടാക്കാനുള്ള നികുതി |
|---|---|---|
| 4/122A | സബ്ഡിവിഷണൽ എഞ്ചിനീയർ, ബി.എസ്.എൻ.എൽ | 20076 |
| 5/477A | സബ്ഡിവിഷണൽ എഞ്ചിനീയർ, ബി.എസ്.എൻ.എൽ | 20358 |

കുടിശ്ശിക തുക ഈടാക്കുന്നതിന് പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിലും ബി.എസ്.എൻ.എൽ തുക ഒടുക്കിയിട്ടില്ല. നികുതി ഒടുക്ക് വരുത്താത്ത സാഹചര്യത്തിൽ 210-ാം വകുപ്പിലും, 1996-ലെ കേരള പഞ്ചായത്ത് രാജ് (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും) ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

## 1-14 കടമുറികളുടെ വാടകയിനത്തിൽ ഈടാക്കാനുള്ളത് 4,07,391 രൂപ

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികളുടെ 2019-20/2020-21 വർഷങ്ങളിലെ വാടകയിനത്തിൽ 4,07,391/- രൂപ ഈടാക്കാൻ അവശേഷിക്കുന്നു.

| ക്രമ നം | കടയുടമയുടെ പേര് | ഈടാക്കാനുള്ള തുക |
|---|---|---|
| 1 | ശ്രീ.മുരളീധരൻ | 39942 |
| 2 | ശ്രീ.അജിമോൻ വർഗ്ഗീസ് | 3,38,940 |
| 3 | ശ്രീ.ഫിറോസ് | 28509 |
| ആകെ | | 4,07,391/- |

വാടക കുടിശ്ശിക പലിശ സഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് അവഗണിച്ച് ക്ഷേമപെൻഷൻ അനുവദിച്ചു- അപേക്ഷകരുടെ അർഹത പുന:പരിശോധനക്ക് വിധേയമാക്കണം

വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിനുള്ള അർഹതയില്ലെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് നൽകിയിട്ടും ചുവടെ ചേർക്കുന്ന വ്യക്തികൾക്ക് വാർഡ് ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പി.എൻ.രാജു, വലിയകുന്നത്ത് പുത്തൻവീട്, വെ.ഓതറ

2. ചെറുപുഷ്പം, കോവിലകത്ത് കിഴക്കേതിൽ, വെ.ഓതറ

3. ജോളി എബ്രഹാം, പടിയറ വീട്, വെ.ഓതറ

അർഹത പരിശോധിക്കുന്നതിന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും വിയോജിക്കുന്ന ഘട്ടത്തിൽ പാലിക്കേണ്ട നിർദ്ദേശങ്ങൾ സംബന്ധിച്ച ധനകാര്യ വകുപ്പിന്റെ (എസ്.എഫ്.സി.സെൽ-ബി 31.03.2018-ലെ എസ്.എഫ്.സി.ബി-2/47/2017-ാം നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങളും പാലിക്കാതെയാണ് പെൻഷൻ അനുവദിക്കുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഭരണസമിതിയോട് ശുപാർശ ചെയ്തത്. (ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 23.01.2021-ലെ VIII(1)-ാം നമ്പർ തീരുമാനം, പഞ്ചായത്ത്കമ്മറ്റിയുടെ 06.02.2021-ലെ XII(6)-ാം നമ്പർ തീരുമാനം) മെച്ചപ്പെട്ട സാമ്പത്തിക ഭദ്രതയുള്ളതിനാൽ പെൻഷന് അർഹതയില്ലെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് നൽകിയവരുടെ അപ്പീൽ അപേക്ഷയിലാണ് സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ഭരണസമിതി പെൻഷൻ അനുവദിച്ച് നൽകിയിട്ടുള്ളത്. അനർഹരായ വ്യക്തികൾക്ക് ക്ഷേമപെൻഷൻ അനുവദിക്കുന്നത് വഴിയുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന് പ്രാദേശിക സർക്കാരിലെ ഉത്തരവാദിത്തപ്പെട്ടവർ ബാധ്യസ്ഥരായിക്കും എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കിയ ശേഷമെ പെൻഷൻ അനുവദിക്കാൻ പാടുള്ളൂ. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ അനുവദിച്ച് നൽകിയ പെൻഷൻ താൽക്കാലികമായി മരവിപ്പിക്കുന്നതിന് ഓഡിറ്റ് നിർദ്ദേശിക്കുന്നു. പ്രസ്തുത അപേക്ഷകൾ ധനകാര്യ വകുപ്പിന്റെ 31.03.2018-ലെ സർക്കുലറിലിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള കമ്മറ്റിയുടെ പരിഗണനക്ക് സമർപ്പിക്കേണ്ടതും പ്രസ്തുത കമ്മറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. ക്ഷേമപെൻഷനുകളുടെ ഗുണഭോക്തൃ തെരെഞ്ഞെടുപ്പ് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് ശുപാർശ ചെയ്യുന്നു.(ഓഡിറ്റ് എൻക്വയറി16/26.08.2021)

## 1-16 സാമൂഹിക സുരക്ഷാ പെൻഷൻ പട്ടികയ്ക്ക് ഗ്രാമസഭയുടെ അംഗീകാരം ഇല്ല

സാമൂഹിക സുരക്ഷ പെൻഷൻ പുതിയതായി അനുവദിച്ചവരുടെയും നിരസിച്ചവരുടെയും വാർഡ് അടിസ്ഥാനത്തിലുള്ള പട്ടികക്ക് ഗ്രാമസഭയുടെ അംഗീകാരം വാങ്ങേണ്ടതാണ്. 2019-20,2020-21 സാമ്പത്തിക വർഷങ്ങളിൽ സാമൂഹിക സുരക്ഷാ പെൻഷന് അപേക്ഷിച്ചവരുടെ പട്ടികയ്ക്ക് ഗ്രാമസഭയുടെ അംഗീകാരം തേടിയിട്ടില്ല. പഞ്ചായത്ത് രാജ് നിയമ പ്രകാരം പഞ്ചായത്തിന്റെ ഏതൊരു ആനുകൂല്യത്തിന്റെയും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഗ്രാമസഭയിൽ മാത്രമാണ് നിക്ഷിപ്തമായിരിക്കുന്നത്. ഗ്രാമസഭകളിൽ ആക്ഷേപം ഉന്നയിക്കപ്പെടുന്ന ഗുണഭോക്താക്കളുടെ പെൻഷൻ പുന:പരിശോധന നടത്തി മാത്രമെ അനുവദിക്കാൻ പാടുള്ളൂ. എന്നാൽ ഈ നിർദ്ദേശങ്ങൾ ഗ്രാമപ്പഞ്ചായത്ത് പാലിക്കാത്തത് മൂലം അനർഹരായ വ്യക്തികൾ പട്ടികയിൽ ഇടം നേടുന്നതിനുള്ള സാധ്യത കൂടുതലാണ്. പെൻഷൻ വിതരണത്തിലെ സുതാര്യത ഉറപ്പ് വരുത്തുന്നതിനായി മേൽ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

(പഞ്ചായത്ത് ഡയറക്ടറുടെ 28.09.2019-ലെ PAN/2021/2019-DBT1(DP)സർക്കുലർ)

## 1-17 ശ്മശാനം പണിതില്ല;എസ് സി പി ഫണ്ട് 21.5ലക്ഷം നഷ്ടപ്പെട്ടു

പ്രോജക്ട് അംഗീകരിച്ചിട്ടും എസ്.സി വിഭാഗത്തിന് ശ്മശാനം പണിതില്ല. ഇതിനാൽ പ്രോജക്ടിന് വകയിരുത്തിയ എസ്.സി.പി ഫണ്ട് 2150000രൂപ ചെലവഴിക്കാതെ ഗ്രാമപഞ്ചായത്ത് നഷ്ടപ്പെടുത്തി.

2019-20-ലും എസ്.സി വിഭാഗത്തിന് ശ്മശാനം പണിയാൻ എസ്.സി.പി ഫണ്ട് 50000 രൂപ വകയിരുത്തി ഗ്രാമപഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നു. അന്നും നടപ്പാക്കിയില്ല.അതിനാൽ 50000രൂപ ആ വർഷം നഷ്ടപ്പെട്ടിരുന്നു. ഇങ്ങനെ രണ്ടു വർഷം നഷ്ടപ്പെടുത്തിയ ആകെ എസ്.സി.പി ഫണ്ട് 22ലക്ഷം രൂപ.

ഗ്രാമപഞ്ചായത്ത് ഫണ്ടിനൊപ്പം ജില്ലാപഞ്ചായത്തിന്റെ ഫണ്ട് കൂടി വകയിരുത്തിയാണ് 2020-21ൽ പ്രോജക്ട് അംഗീകരിച്ചത്. പ്രൊജക്ട് നടപ്പാക്കാതെ ആ വിഹിതവും ഗ്രാമപഞ്ചായത്ത് നഷ്ടപ്പെടുത്തി. 2019-20ലും ഇതേ വീഴ്ച ഗ്രാമപഞ്ചായത്ത് ആവർത്തിച്ചിരുന്നു. അന്ന് ഗ്രാമപഞ്ചായത്ത് വിഹിതത്തിനൊപ്പം ബ്ളോക്ക് പഞ്ചായത്ത് വിഹിതം രൂപ ഉൾപ്പെടുത്തിയാണ് പ്രോജക്ട് അംഗീകരിച്ചത്.

ഓഡിറ്റ് നടത്തിയ അന്വേഷണത്തിൽ ശ്മശാനം പണിയാൻ പറ്റിയ ഭൂമി ഉണ്ടെന്ന് ഗ്രാമ പഞ്ചായത്ത് അറിയിച്ചു. സ്ഥലം ഉണ്ടായിട്ടും പ്രോജക്ട് നടപ്പാക്കാതെ എസ്.സി വിഭാഗത്തിന്റെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ സർക്കാർ നല്കിയ ഫണ്ട് ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയത് വലിയ വീഴ്ചയാണ്. സർക്കാർ ഏജൻസികൾ വഴി ഡെപ്പോസിറ്റ് പ്രവർത്തിയായി പ്രോജക്ട് നടപ്പാക്കിയിരുന്നെങ്കിൽ രണ്ട് വർഷങ്ങളിലെ ഫണ്ട് നഷ്ടം ഒഴിവാക്കാമായിരുന്നു.

ഈ വിഷയത്തിൽ ഓഡിറ്റ് അന്വേഷണം(18/2021,27.08.21)നല്കിയെങ്കിലും മറുപടി ലഭിച്ചില്ല.

എസ്.സി വിഭാഗത്തിന് ശ്മശാനം എന്ന സാമൂഹികപ്രാധാന്യമുള്ള ആവശ്യം നടപ്പാക്കാൻ നടപ്പ് പദ്ധതി വർഷ(2021-22)ത്തിൽ ഗ്രാമപഞ്ചായത്ത് പ്രോജക്റ്റിന് അംഗീകാരം വാങ്ങിയതായി കാണുന്നില്ല. വിഷയത്തിൽ തുടർ നടപടികൾക്ക് ധനം, ക്ഷേമം, വികസനം എന്നീ സ്ഥിരം സമിതികളുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-18 അങ്കണവാടികൾക്ക് ഫാൻ വാങ്ങിയത് സ്ഥാപിച്ചില്ല.

ഗ്രാമപ്പഞ്ചായത്തിലെ 19 അങ്കണവാടികൾക്ക് ഫാൻ വാങ്ങുന്നതിനായി I.C.D.S സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി വികസനഫണ്ടിൽ നിന്നും 50000രൂപ വകയിരുത്തി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. PEEDIACKAL AGENCIES എന്ന സ്ഥാപനത്തിൽ നിന്നും ഫാൻ വാങ്ങുന്നതിനായി 47310/-രൂപ (Bill No: 14/25.03.2021) ചെലവഴിച്ചിട്ടുണ്ട്. 54-ാംനമ്പർ അങ്കണവാടി ഒഴികെയുള്ള എല്ലാ അങ്കണവാടികൾക്കും ഫാൻ കൈമാറിയിട്ടുണ്ടെങ്കിലും ആയത് സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. പദ്ധതികളുടെ മോണിട്ടറിംഗ് യഥാസമയം നടത്താത്തതു മൂലമാണ് ഇത്തരം അപാകതകൾ സംഭവിക്കുന്നത്. പദ്ധതി തുക വിനിയോഗിച്ച് വാങ്ങിയ ഫാനുകൾ അതാത് അങ്കണവാടികളിൽ സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്. ആരോഗ്യ-ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-18-1 അങ്കണവാടികൾ- ഭൗതിക സാഹചര്യം - അവലോകനം

ഗ്രാമപ്പഞ്ചായത്തിൽ 20 അങ്കണവാടികളിൽ ഉള്ളതിൽ ഒൻപതെണ്ണത്തിനു മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. രണ്ടെണ്ണം സ്കൂളിലും അവശേഷിക്കുന്നവ വാടക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. പതിമൂന്നാം പദ്ധതിക്കാലയളവിൽ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി ഭൂമിയും കെട്ടിടവും ലഭ്യമാക്കും എന്ന നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിലെ [ജി.ഒ.(എം.എസ്) നം.11/2018/തസ്വഭവ തീയതി29.01.2018] ഖണ്ഡിക 7.8.2ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി കാലയളവ് പൂർത്തിയാകാറായിട്ടും ഈ ലക്ഷ്യം കൈവരിക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ നിന്നുള്ള വിഹിതം ഉൾപ്പെടെ ഉപയോഗപ്പെടുത്തി, എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടവും, മറ്റ് അടിസ്ഥാന സൌകര്യങ്ങളും ലഭ്യമാക്കേണ്ടതാണ്.

## 1-19 അപരാജിത ധൂമചൂർണ്ണം - വിനിയോഗ വിവരം ഹാജരാക്കിയില്ല

ഗവ.ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ആവിഷ്കരിച്ച പദ്ധതിയിൽ ഉൾപ്പെടുത്തി 6000 Packet അപരാജിത ധൂമചൂർണ്ണം 18 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. 05.06.2021-ലെ ധൂമസന്ധ്യ എന്ന പരിപാടിക്കായിട്ടാണ് അപരാജിത ധൂമചൂർണ്ണം വാങ്ങിയത്. പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് ചുവടെ പറയുന്ന അപാകത ഉണ്ടായിട്ടുണ്ട്.

1. ചികിത്സയുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിലേക്ക് ഔഷധങ്ങൾ വാങ്ങുന്നതിനായി നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 400000 രൂപ വകയിരുത്തി ആവിഷ്കരിച്ച പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് അപരാജിത ധൂമചൂർണ്ണം വാങ്ങിയിട്ടുള്ളത്. അംഗീകാരം ലഭിച്ച പദ്ധതിയിൽ ഉൾപ്പെടാത്ത ഇനത്തിന് തുക ചെലവഴിച്ചതിന് പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതി വാങ്ങിയിട്ടില്ല.

2. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ അപരാജിത ധൂമചൂർണ്ണം വാർഡ് മെമ്പർമാർ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ മെയിൻ സ്റ്റോക്ക് രജിസ്റ്ററിൽ ഇത് രേഖപ്പെടുത്തിയിട്ടില്ല. ആയുർവേദ ഡിസ്പെൻസറിയിലേക്ക് വാങ്ങിയ മരുന്ന് വാർഡ് മെമ്പർമാർക്ക് വിതരണം ചെയ്യാനുണ്ടായ സാഹചര്യം വ്യക്തമാക്കിയിട്ടില്ല.

3. വാർഡ് മെമ്പർമാർ കൈപ്പറ്റിയ അപരാജിത ധൂമചൂർണ്ണം വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ പരാമർശിച്ച അപാകതകൾ ചൂണ്ടികാണിച്ച് നൽകിയ അന്വേഷണകുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ഓഫീസർക്ക് അന്വേഷണകുറിപ്പ് കൈമാറിയിട്ടുണ്ടെന്ന മറുപടിയാണ് നിലവിലെ മെഡിക്കൽ ഓഫീസർ നൽകിയത്. നിർവ്വഹണത്തിലെ അപാകതകൾക്ക് ഉദ്യോഗസ്ഥൻ കൃത്യമായ മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ അപരാജിത ധൂമചൂർണ്ണം വാങ്ങുന്നതിനായി ചെലവഴിച്ച 108000/-രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-20 ആയുർവേദ ഡിസ്പെൻസറിയിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ-മുൻകൂർ തുക കൈമാറി

ആയുർവേദ ഡിസ്പെൻസറിയിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ പദ്ധതിയിൽ മുൻകൂറായി തുക സ്വകാര്യ സ്ഥാപനത്തിന് കൈമാറി. വിശദാംശം ചുവടെ ചേർക്കുന്നു.

ഗവ ആയുർവേദ ഡിസ്പെൻസറിയിലേക്ക് ഫർണ്ണിച്ചർ വാങ്ങുന്നതിനായി നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 1,50,000 രൂപ വകയിരുത്തി ആവിഷ്കരിച്ച പദ്ധതിക്കായി 1,43,650രൂപ ചെലവഴിച്ചിട്ടുണ്ട്. ഫർണ്ണീച്ചർ വിതരണം ചെയ്യുന്നതിനായി ക്വട്ടേഷൻ പ്രകാരം കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സോന ഇൻഡസ്ട്രീസ്, കൊച്ചാലുംമൂട് എന്ന സ്ഥാപനത്തിന് 23.03.2021-ൽ തുക കൈമാറിയിട്ടുണ്ട്. എന്നാൽ സാധനങ്ങൾ 30.04.2021, 09.06.2021 എന്നീ തീയതികളിലാണ് മെയിൻ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഫർണ്ണീച്ചറുകൾ സ്റ്റോക്കിൽ രേഖപ്പെടുത്താനുണ്ടായ കാലതാമസ്സത്തിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് ലോക്ക്ഡൗൺ ആയതിനാലാണ് സാധനം ലഭിക്കാൻ കാലതാമസം ഉണ്ടായതെന്ന് നിലവിലെ മെഡിക്കൽ ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. ഇതിൽ നിന്നും G.O(P) No.177/2006/Fin/12.04.2006-ലെ ഉത്തരവിന് വിരുദ്ധമായി മുൻകൂറായി തുക സ്ഥാപനത്തിന് കൈമാറിയെന്ന് വ്യക്തമാണ്. വിതരണം ചെയ്ത സാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയതിന് ശേഷം മാത്രമെ തുക കൈമാറാവൂ എന്നിരിക്കെ സ്വകാര്യ സ്ഥാപനത്തിന് മുൻകൂർ തുക നൽകിയ നടപടി ക്രമവിരുദ്ധമാണ്. അപാകത സംബന്ധിച്ച നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ചെലവ് 143650 രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 ആരോഗ്യകേന്ദ്രങ്ങളിലേക്ക് മരുന്ന് വാങ്ങൽ 2.19 ലക്ഷം രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല

ഗവ.ആയുർവേദ ഡിസ്പെൻസറി, ഹോമിയോ ഡിസ്പെൻസറി എന്നിവയിലേക്ക് മരുന്ന് വാങ്ങുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്/ നമ്പർ | ലഭിക്കാനുള്ള മരുന്ന് (രൂപയിൽ) |
|---|---|
| ഗവ.ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ (97/2021) | 30036/- |
| സാന്ത്വനം-പാലിയേറ്റീവ് രോഗികൾക്കായി ആയുർവേദ ചികിത്സ (100/2021) | 33615/- |
| പോസ്റ്റ് കോവിഡ് ചികിത്സ-ഗവ.ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ (263/2021) | 5897/- |
| ഗവ.ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ (101/2021) | 150000/- |

മരുന്നുകൾ ലഭ്യമാക്കുന്നതിന് വേണ്ട തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 എംജിഎൻആർഇജിഎസ് ക്രമക്കേട് : ജില്ലാപ്രോഗ്രാം കോ-ഓർഡിനേറ്റർ നിർണയിച്ച നഷ്ടം ഈടാക്കിയില്ല

എം.ജി.എ.ൻ.ആർ.ഇ.ജി.എസിൽ കയർ ഭൂവസ്ത്രം വിരിക്കുന്ന പ്രോജക്ടു കളിൽ ജില്ലാ കളക്ടർ കൂടിയായ ജില്ല പ്രോഗ്രാം കോ-ഓർഡിനേറ്റർ നിർണയിച്ച 102000 രൂപയുടെ നഷ്ടം ഗ്രാമപഞ്ചായത്ത് ഈടാക്കിയില്ല.

2021 മാർച്ചിലാണ് ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥൻ അക്രഡിറ്റഡ് എഞ്ചിനിയറിൽ (രാജീവ് പി.കെ) നിന്നും നഷ്ടം ഈടാക്കാൻ ജില്ല പ്രോഗ്രാം കോ-ഓഡിനേറ്റർ ഗ്രാമപഞ്ചായത്തിന് ഉത്തരവ് നല്കിയത്(നടപടി ക്രമം ബി.1297/14/പി.എ.യു-പി.റ്റി.എ,09/03/2021) ഇതിന് ശേഷം ആറ് മാസം കഴിഞ്ഞിട്ടും നഷ്ടം ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ എം.ജി.എൻ.ആർ.ഇ.ജി.എസ് നിർവഹണത്തിൽ അക്രഡിറ്റഡ് എഞ്ചിനിയറുടെ ഉത്തരവാദിത്വനിർവഹണത്തിൽ ഗുരുതര ക്രമക്കേടും വീഴ്ചകളും ജില്ലാ പ്രോജക്ട് ഓഫീസർ കണ്ടെത്തിയിരുന്നു. തുടർന്നാണ് കയർ ഭൂവസ്ത്രം വിരിക്കുന്ന പ്രോജക്ടുകളിൽ 102000 രൂപയുടെ നഷ്ടം നിർണയിച്ചത്. പ്രോജക്ടുകൾക്ക് ഇറക്കിയ കയർ ഭൂവസ്ത്രം സൂക്ഷിക്കുന്നതിൽ വീഴ്ചവന്നതായും 15 കെട്ട് ($1500m^2$)ഭൂവസ്ത്രം ചിതൽ തിന്ന് നശിച്ചതായും ജില്ല പ്രോഗ്രാം കോ-ഓഡിനേറ്ററുടെ നടപടിക്രമത്തിൽ വ്യക്തമാക്കിയിരുന്നു. ഇതിന്റെ വിലയാണ് നഷ്ടമായി നിർണയിച്ചത്.

മാത്രമല്ല നഷ്ടം ചുമത്തുന്നതിന് മുമ്പ് ഉത്തരവാദിത്തങ്ങളിൽ ഗുരുതര വീഴ്ച വരുത്തിയ അക്രഡിറ്റഡ് എഞ്ചിനിയറെ പിരിച്ച് വിടാനും ജില്ല പ്രോഗ്രാം കോ-ഓഡിനേറ്റർ ഗ്രാമപഞ്ചായത്തിന് കത്ത് നല്കിയിരുന്നു (ബി-1297/പിഎയു-പിറ്റിഎ/19.08.2020). ഇതനുസരിച്ച് 2020 സെപ്തംബറിൽ അക്രഡിറ്റഡ് എഞ്ചിനിയറെ പിരിച്ചുവിടേണ്ടതായിരുന്നു. തുടർന്ന് 2020 സെപ്തംബർ മുതൽ 8 മാസത്തെ വേതനം നല്കരുതെന്നും ജില്ല പ്രോഗ്രാം കോ-ഓഡിനേറ്റർ ഗ്രാമപഞ്ചായത്തിനെ അറിയിച്ചിരുന്നു. ഇതിന് വിരുദ്ധമായി വേതനം നല്കിയാൽ അത് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ബാധ്യതയായിരിക്കുമെന്നും വ്യക്തമാക്കിയിരുന്നു. ജില്ല പ്രോഗ്രാം കോ-ഓഡിനേറ്ററുടെ

നിർദേശത്തിന് എതിരെ ആദ്യം ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനം എടുത്ത് അക്രഡിറ്റഡ് എഞ്ചിനിയറെ ജോലിയിൽ തുടരാൻ അനുവദിച്ചു. പിന്നീട് പുതിയ പഞ്ചായത്ത് കമ്മറ്റിയുടെ 27/07/2021ലെ തീരുമാനം1(1) പ്രകാരം അക്രഡിറ്റഡ് എഞ്ചിനിയറെ പിരിച്ചുവിട്ടതായി ഓഡിറ്റ് അന്വേഷണത്തി(05/2019/13.08.2021)ന് അസി.സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്. ജില്ല പ്രോഗ്രാം കോ-ഓഡിനേറ്റർ തടഞ്ഞകാലത്തെ വേതനം നല്കിയിട്ടില്ലെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഷ്ടം ഈടാക്കിയിട്ടില്ല.

2019-20 ഓഡിറ്റിൽ എംജിഎൻആർഇജിഎസിൽ കയർഭൂവസ്ത്രം വിരിക്കുന്ന 13 പ്രോജക്ടുകൾ പരിശോധനക്ക് ഹാജരാക്കിയിരുന്നു. പ്രോജക്ട് ഫയൽ പരിശോധനയിൽ താഴെ വിവരിക്കുന്ന അപാകങ്ങൾ കാണുകയുണ്ടായി.

1. എം.ബുക്ക് എഴുതാതെ പ്രോജക്ടിന് ഫണ്ട് ചെലവഴിച്ചു;

എം.ബുക്കുകൾ ഹാജരാക്കിയത് ഓഡിറ്റ് അന്വേഷണത്തിന് ശേഷം

2019-20ലെ എംജിഎൻആർഇജിഎസിലെ താഴെ പറയുന്ന പ്രോജ ക്ടുകളുടെ എം.ബുക്കുകൾ പ്രോജക്ട് ഫയലിനൊപ്പം ഓഡിറ്റിന് ഹാജരാക്കിയിരുന്നില്ല. ഓഡിറ്റ് അന്വേഷണ(11/2021)ത്തിൽ ആവശ്യപ്പെട്ടപ്പോൾ ഓഡിറ്റ് തീരുന്ന 31.08.2021 നാണ് അവ ഓഡിറ്റിന് സമർപ്പിച്ചത്.

1. കദളിമംഗലം തോട് കയർഭൂവസ്ത്രം വിരിക്കുക-ഭാഗം-1
2. കദളിമംഗലം തോട് കയർഭൂവസ്ത്രം വിരിക്കുക-ഭാഗം-2
3. മതിരമ്പുഴചാൽ കയർഭൂവസ്ത്രം വിരിക്കുക-ഭാഗം-6
4. മതിരമ്പുഴചാൽ കയർഭൂവസ്ത്രം വിരിക്കുക-ഭാഗം-7
5. വെൺപാലതോടിന് കയർഭൂവസ്ത്രം വിരിക്കുക-ഭാഗം-3

പ്രോജക്ട് നിർവഹണം കഴിഞ്ഞ ഉടനെ എം.ബുക്കിൽ അളവുകൾ രേഖപ്പെടുത്തി ചെക്ക് മെഷർചെയ്ത് എഞ്ചിനിയർ സാക്ഷ്യപ്പെടാതെ മരാമത്ത് പ്രോജക്ടുകൾക്ക് ഗ്രാമപഞ്ചായത്ത് ഫണ്ട് ചെലവഴിക്കുന്നത് ഗുരുതരനിയമലംഘനമാണ്. എം.ബുക്കുകൾ ഇല്ലാത്തതിനാൽ 5 പ്രോജക്ടുകളുടേയും വേതനസാധനചെലവുകൾ ഓഡിറ്റിൽ സാധൂകരിക്കുന്നതല്ലെന്ന് അറിയിച്ചാണ് ഓഡിറ്റ് അന്വേഷണം നല്കിയത്. തുടർന്നാണ് ആവശ്യപ്പെട്ട എം.ബുക്കുകൾ ഓഡിറ്റിന് ലഭിച്ചത്. എം.ബുക്കുകൾ ഓഡിറ്റ് ആവശ്യപ്പെട്ടപ്പോൾ തയ്യാറാക്കിയതാണെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. മാത്രമല്ല ഓഡിറ്റ് അന്വേഷണത്തിന് അസി.സെക്രട്ടറി 31.08.2021ന് സമർപ്പിച്ച മറുപടിയിൽ എം ബുക്കുകൾ പ്രോജക്ട് നിർവഹണഘട്ടത്തിൽ തയ്യാറാക്കിയിരുന്നു എന്ന് വ്യക്തമാക്കിയിട്ടില്ല.

2. പ്രോജക്ട് നിർവഹണത്തിന്റെ ഫോട്ടോകൾ ഇല്ല

എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ ഫീൽഡ് തല നിർദേശം അനുസരിച്ച് പ്രോജക്ട് സൈറ്റിന്റെ മൂന്ന് ഫോട്ടോകൾ പ്രോജക്ട് ഫയലിൽ അവശ്യം സൂക്ഷിക്കേണ്ടതാണ്. പ്രോജക്ട് നിർവഹണത്തിന് മുമ്പുള്ള പ്രോജക്ട് സൈറ്റിന്റെ ഫോട്ടോ, പ്രോജക്ട് നിർവഹണം നടക്കുമ്പോഴത്തെ ഫോട്ടോ, പ്രോജക്ട് നിർവഹണശേഷമുള്ള സൈറ്റിന്റെ ഫോട്ടോ എന്നിവയാണ് മൂന്ന് ഫോട്ടോകൾ. ജിപിഎസ് സംവിധാനം ഉപയോഗിച്ച് വേണം ഫോട്ടോ എടുക്കേണ്ടത്. പ്രോജക്ട് നിർവഹിച്ചു എന്നതിന്റെ പ്രധാന തെളിവും നിർവഹണത്തിൽ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നതിനും ഫോട്ടോകൾ അത്യാവശ്യമാണ്. പ്രോജക്ടുകൾ ജിയോടാഗ് ചെയ്യുന്നതിനും ഫോട്ടോകൾ അത്യാവശ്യമാണ്.

3. കയർഭൂവസ്ത്രം സ്റ്റോക്ക് വിതരണ രേഖയില്ല

കയർ ഭൂവസ്ത്രം വിരിച്ച് തോട് സംരക്ഷിക്കുന്നതിന് 19-20,20-21 വർഷങ്ങളിലെ 13 പ്രോജക്ടുകൾക്ക് കേരള സ്റ്റേറ്റ് കയർകേർപ്പറേഷന്റെ ഇൻവോയിസ് അനുസരിച്ച് 1007370രൂപയുടെ 15120m²കയർ ഭൂവസ്ത്രം വാങ്ങിയിട്ടുണ്ട്. എന്നാൽ ഇത് സ്റ്റോക്കിലെടുത്ത് വിതരണം രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിൽ സ്റ്റോക്ക് രജിസ്റ്റർ ആവശ്യപ്പെട്ടിരുന്നു. ഓഡിറ്റ് തീരുന്ന 31.08.2021ന് ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റ് ആവശ്യപ്പെട്ടതുകൊണ്ട് മാത്രം പുതിയതായി തയ്യാറാക്കിയതാണ്. 13 പ്രോജക്ടുകൾക്ക് വാങ്ങിയ കയർ ഭൂവസ്ത്രം മാത്രമാണ് ഇതിൽ ചേർത്തിരിക്കുന്നത്. ഭൂവസ്ത്രം പ്രോജക്ട് സൈറ്റുകളുടെ ചുമതലുള്ള മേറ്റ് മാർക്ക് നല്കിയതായി രജിസ്റ്ററിൽ രേഖയുണ്ട്. എന്നാൽ മേറ്റുമാർ ഭൂവസ്ത്രം കൈപ്പറ്റി എന്ന് ഒപ്പിട്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതിനാൽ രേഖപ്പെടുത്തലുകൾക്ക് ആധികാരികതയില്ല. മാത്രമല്ല ഗ്രാമപഞ്ചായത്തിലെ എം.ജി.എൻ.ആർ.ഇ.ജി.എസ് ക്രമക്കേടുകളുമായി ബന്ധപ്പെട്ട് പിഎയു അയച്ച കത്തുകളിലും കയർ ഭൂവസ്ത്രത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആധികാരികതയില്ലാത്തതിനാൽ ഓഡിറ്റിന്റെ അവസാന ദിവസം ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റ് അംഗീകരിക്കുന്നില്ല.

4. ജിയോ ടാഗിംങ് രേഖയില്ല

എം.ജി.എൻ.ആർ.ഇ.ജി.എസ് നിർദേശം അനുസരിച്ച് ഒരു പ്രോജക്ട് നിർവഹിച്ചു എന്നതിന്റെ ആധികാരിക രേഖ ജിയോടാഗിംങാണ്. എം.ജി.എൻ.ആർ.ഇ.ജി.എസ് ഡിജിറ്റൽ രേഖകൾ അടിസ്ഥാനമാക്കുമ്പോൾ 2019-20, 2020-21

വർഷങ്ങളിലെ 68 പ്രോജക്ടുകൾ ഓഡിറ്റ് നടന്ന സമയം വരെയും ജിയോടാഗ് ചെയ്തിട്ടില്ല. മാത്രമല്ല ഡിജിറ്റൽ രേഖയിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ 6 പ്രോജക്ടുകൾ ജിയോടാഗ് ചെയ്യുവാൻ കഴിയാത്തവയാണെന്നും കാണുന്നു. 6 പ്രോജക്ടുകൾക്ക് ഈ വിശേഷണം എന്തുകൊണ്ട് ലഭിച്ചു എന്ന് വിശദീകരിച്ചില്ല.

5. ഭൗതികപരിശോധന നടത്താൻ കഴിഞ്ഞില്ല.

13 പ്രോജക്ടുകളുടേയും സൈറ്റ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അസി.സെക്രട്ടറി, എം.ജി.എൻ.ആർ.ഇ.ജി.എസ് ഓവർസിയർ, പിരിച്ചുവിട്ട അക്രഡിറ്റഡ് എഞ്ചിനിയർ എന്നിവരുടെ സാന്നിധ്യത്തിൽ ഓഡിറ്റ് സന്ദർശിച്ചിരുന്നു. എന്നാൽ പ്രോജക്ട് സൈറ്റിലേക്ക് പ്രവേശിക്കാൻ കഴിയാഞ്ഞതിനാൽ അളവുകൾ എടുത്ത് ഭൗതികപരിശോധന നടത്താൻ കഴിഞ്ഞില്ല. ഭൗതികപരിശോധനയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് മെയിൽ ചെയ്തിട്ടുണ്ട്. ഭൗതികപരിശോധന റിപ്പോർട്ട് ഈ ഖണ്ഡികക്ക് ഒപ്പം ചേർത്ത് വായിക്കേണ്ടതാണ്. ഭൗതികപരിശോധന നടത്താൻ കഴിയാഞ്ഞതിനാൽ പ്രോജക്ട് ഫയലുകളിൽ വിവരിച്ച രീതിയിൽ പ്രോജക്ട് നിർവഹിച്ചിട്ടുണ്ടെന്ന് ഓഡിറ്റിന് ബോധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല.

6. എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രോജക്ട് നിർവഹണം പരിമിതപ്പെട്ടു.

എം.ജി.എൻ.ആർ.ഇ.ജി.എസ് വെബ് സൈറ്റിൽ നിന്നുള്ള ഡിജിറ്റൽ രേഖകൾ അടിസ്ഥാനമാക്കുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ 2019-20, 2020-21 വർഷങ്ങളിലെ പ്രോജക്ട് നിർവഹണം വലിയതോതിൽ പരിമിതപ്പെട്ടതായി കാണുന്നു. 871സജീവതൊഴിലാളികൾ ഉള്ളതിൽ 2019-20-ൽ 169 പേർക്കും 2020-21-ൽ 266 പേർക്കുമാണ് 100 ദിവസം തൊഴിൽ നല്കാനായത്. 2019-20-ൽ അംഗീകരിച്ച 152 പ്രോജക്ടുകളിൽ 51എണ്ണം പൂർത്തിയാക്കി (ശതമാനം 34). 2020-21-ൽ അംഗീകരിച്ച 191 പ്രോജക്ടുകളിൽ 69 എണ്ണമാണ് പൂർത്തിയാക്കിയത് (ശതമാനം 36). 2019-20-ൽ വിവിധ പ്രോജക്ടുകളിൽ ആനുകൂല്യം നല്കുന്നതിന് 261 ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിരുന്നു. ആനുകൂല്യം നല്കിയത് 36 ഗുണഭോക്താക്കൾക്ക് മാത്രമാണ്. 2020-21-ൽ 108 ഗുണഭോക്താക്കളെ തിരഞ്ഞെടുത്തപ്പോൾ 50 പേർക്ക് ആനുകൂല്യം നല്കിയതായി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയിട്ടുണ്ട്. വ്യക്തിഗതഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൽ രേഖകളുമായി ഒത്തുനോക്കി കൃത്യത പരിശോധിക്കാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

മുകളിൽ വിവരിച്ച 1 മുതൽ 6 വരെ ഓഡിറ്റ് നിരീക്ഷണങ്ങളും 2019-20 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡികയും അടിസ്ഥാനമാക്കി ഗ്രാമപഞ്ചായത്തിലെ 2019-20, 2020-21 വർഷങ്ങളിലെ എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രോജക്ട് നിർവഹണം വിശദമായ അന്വേഷണത്തിന് വിഷയമാക്കേണ്ടതാണ്. അന്വേഷണത്തിന് അടിയന്തര തീരുമാനം കൈക്കൊള്ളുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

കൂടാതെ ജില്ല പ്രോഗ്രാം കോ-ഓഡിനേറ്ററുടെ ഉത്തരവ് അടിയന്തരമായി നടപ്പാക്കാനും ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-23 നിക്ഷേപ പ്രവൃത്തികൾ - അവലോകനം

1. നിക്ഷേപ പ്രവൃത്തികളുടെ ബാലൻസ് തുക തിരികെ ഈടാക്കിയില്ല

മുൻവർഷങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയിൽ, പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി വിനിയോഗിച്ചശേഷം മിച്ചംവന്ന തുക നാളിതുവരെ പഞ്ചായത്തിനു ലഭിച്ചിട്ടില്ലായെന്ന് വാട്ടർ അതോറിറ്റിയിൽനിന്ന് ലഭിച്ച രേഖകൾ വ്യക്തമാക്കുന്നു. വിശദാംശം ചുവടെ.

| പ്രോജക്ട് നം., പ്രോജക്ടിന്റെ പേര് | നിക്ഷേപിച്ച തുക | വിനിയോഗിച്ച തുക | പഞ്ചായത്തിനു തിരികെ ലഭിക്കാനുള്ള തുക | റിമാർക്ക് |
|---|---|---|---|---|
| 151/16- പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 529000 | 424868 | 104132 | U.C From KWA Dtd.12.12.2017 & 14.07.2017 |
| 136/18- പൈപ്പ് ലൈൻ നീട്ടൽ | 600000 | 524380 | 75620 | U.C From KWA Dtd.17.05.2019 |
| 06/20- പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1808100 | 522072 | 147928 | U.C From KWA Dtd.17.05.2019 മുഴുവൻ പ്രവൃത്തികളുടെയും U.C. ലഭിച്ചിട്ടില്ല. |

| | |
|---|---|
| ആകെ | 327680 |

വാട്ടർ അതോറിറ്റിയിൽ അവശേഷിക്കുന്ന തുക വകയിരുത്തി, വരും വർഷങ്ങളിൽ പ്രോജക്ട് ആവിഷ്കരിക്കാവുന്നതാണ്.

2. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല

മുൻവർഷങ്ങളിൽ കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നീ സ്ഥാപനങ്ങളിൽ തുക നിക്ഷേപിച്ച, ചുവടെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരം പഞ്ചായത്തിൽ ലഭ്യമല്ല.

| പ്രോജക്ട് നം.,/ പ്രോജക്ടിന്റെ പേര് | തുക നിക്ഷേപിച്ച സ്ഥാപനം | നിക്ഷേപിച്ച തുക |
|---|---|---|
| 91/16- വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | KSEB | 334074 |
| 93/16- വൈദ്യുതി ലൈൻ നീട്ടൽ | KSEB | 600000 |
| 61/17- വൈദ്യുതി ലൈൻ നീട്ടൽ -3 | KSEB | 492047 |
| 75/17- സ്ട്രീറ്റ് വാട്ടർ ലൈൻ എക്സ്റ്റൻഷൻ (ചേലാമോടി ഗാനം ജംഗ്ഷൻ ) വാർഡ് 7 | KWA | 233000 |
| 130/18- വൈദ്യുതി ലൈൻ നീട്ടൽ | KSEB | 96180 |
| 64/19- സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | KWA | 1099079 |
| 63/19- പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | KWA | 130000 |
| 164/19- ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | KSEB | 17298 |
| 06/20- പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | KWA | 1808100 |
| 07/21- ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | KSEB | 65199 |
| 123/21- സ്ട്രീറ്റ് വാട്ടർ ലൈൻ എക്സ്റ്റൻഷൻ | KWA | 1577821 |
| 157/21- ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ | KSEB | 283396 |
| 226/21- ജലജീവൻ പദ്ധതി - ഗാർഹിക കുടിവെള്ള കണക്ഷൻ | KWA | 1963650 |
| 245/21- പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കൽ | KWA | 300000 |
| ആകെ | | 8999844 |

മേൽ പ്രോജക്ടുകളുടെ പൂർത്തീകരണ വിവരം ലഭിക്കുന്നതിനായി 18.08.2021ൽ സെക്രട്ടറിക്ക് 9-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. പൂർത്തീകരണ വിവരം ലഭിക്കുന്നതിനായി നിർവ്വഹണ സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുള്ളതായി സെക്രട്ടറി അറിയിച്ചു. നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-24 പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരം ഇല്ലാതെ പി.എച്ച്.സി-യിലേക്ക് ലാബ് റീഏജന്റുകൾ വാങ്ങി

പി.എച്ച്.സി-യിലേക്ക് ലാബ് റീഏജന്റുകൾ വാങ്ങുന്നതിന് (പ്രോജക്ട് നം. 85/21) റോഡിതര മെയിന്റനൻസ് ഗ്രാന്റ് (1,00,000) വകയിരുത്തി പദ്ധതി രൂപീകരിക്കുകയും 94,625 രൂപ (ബിൽ നം. 10/27.12.20) പദ്ധതിയ്ക്കായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ക്വട്ടേഷൻ നടപടികളുടെ ഭാഗമായി കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ABC Diagnostics Pvt Ltd എന്ന സ്ഥാപനത്തിൽ നിന്നാണ് ലാബ് റീഏജന്റുകൾ വാങ്ങിയിട്ടുള്ളത്. എന്നാൽ ക്വട്ടേഷൻ നടപടികൾ പ്രൊക്യൂർമെന്റ് കമ്മിറ്റി, ഗ്രാമപഞ്ചായത്ത് ജനറൽ കമ്മിറ്റി എന്നിവ അംഗീകരിച്ചതിന്റെ രേഖകളോ സ്ഥാപനം നൽകിയ ബില്ലോ ഫയലിൽ ലഭ്യമല്ല. ഇവ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.03/16.08.21) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയെങ്കിലും കമ്മിറ്റി തീരുമാനങ്ങൾ സംബന്ധിച്ച രേഖകളോ സ്ഥാപനം സമർപ്പിച്ച ബില്ലോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇവ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് പരാമർശം തീർപ്പാക്കേണ്ടതാണ്.

## 1-25 പാലിയേറ്റീവ് കെയർ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

(1) പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി (പ്രോജക്ട് നം. 89/21) ഹോം കെയർ ടീമിന് ഗൃഹ സന്ദർശനം

നടത്തുന്നതിന് ഒരു വാഹനം ദിവസ വാടകയ്ക്ക് എടുത്തിട്ടുണ്ട്. ക്വട്ടേഷൻ നടപടിയിലൂടെയാണ് വാഹനം വാടകയ്ക്ക് എടുത്തിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി വാഹന വാടകയിനത്തിൽ 76,608 രൂപയും നൽകിയിട്ടുണ്ട്. എന്നാൽ വാഹനത്തിന്റെ ട്രിപ് ഷീറ്റ് വാങ്ങി ചെലവിന്റെ ആധികാരികത ഉറപ്പുവരുത്താതെയാണ് തുക അനുവദിച്ച് നൽകിയിട്ടുള്ളത്. തുടർ വർഷങ്ങളിൽ പദ്ധതിയുടെ നിർവ്വഹണം നടത്തുമ്പോൾ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് വാങ്ങി ഫയലിൽ സൂക്ഷിച്ചതിന് ശേഷം മാത്രം ചെലവ് തുക അനുവദിച്ച് നൽകേണ്ടതാണ്.

(2) പദ്ധതിയുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് 4,00,000 രൂപയും പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ വാങ്ങുന്നതിന് 68,319 രൂപയും KMSCL-ന് മുൻകൂറായി നൽകിയിട്ടുണ്ട്. ഇതിൽ 1,93,697 രൂപയുടെ മരുന്നുകളും 68,319 രൂപയുടെ ഉപകരണങ്ങളും ലഭിക്കുവാൻ അവശേഷിക്കുന്നു. ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നും ഉപകരണങ്ങളും അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 പി.എച്ച്.സി-യിലേക്ക് മരുന്ന് വാങ്ങൽ 4.40 ലക്ഷം രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല

പി.എച്ച്.സി-യിലേക്ക് മരുന്ന് വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി (പ്രോ.നം.82/21) 6,00,000 രൂപ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. മരുന്നുകൾ ലഭിക്കുന്നതിനായി ടി തുക KMSCL-ന് മുൻകൂറായി നൽകുകയും ചെയ്തു. എന്നാൽ മുൻകൂർ നൽകിയ തുകയിൽ 1,60,284 രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായിട്ടുള്ളത്. 4,39,716 രൂപയുടെ മരുന്നുകൾ ലഭിക്കുവാൻ അവശേഷിക്കുന്നു. അവശേഷിക്കുന്ന മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭിച്ചതിന്റെ വിവരം അറിയിക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം തീർപ്പാക്കുന്നതാണ്.

## 1-27 സർക്കാർ ഉത്തരവിന് വിരുദ്ധമായി കെയ്കോ-യിൽ നിന്ന് നേരിട്ട് നടീൽ വസ്തുക്കൾ വാങ്ങി

GO(RT) 2881/2019/ത.സ്വ.ഭ.വ തീയതി 18.12.2019 നമ്പർ ഉത്തരവ് പ്രകാരം, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ സ്വന്തമായി ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉപകരണങ്ങളും സാധന സാമഗ്രികളും മാത്രം ടെണ്ടർ കൂടാതെ വാങ്ങുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഭാഗമായി, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് വിവിധ നടീൽ വസ്തുകൾ ടെണ്ടർ കൂടാതെ വാങ്ങിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ വിവരം | നടീൽ വസ്തുക്കൾ വാങ്ങിയതിന്റെ ചെലവ് വിവരം |
|---|---|---|
| 1 | ഫലവൃക്ഷത്തൈ വിതരണം<br>പ്രോജക്ട് നം. 92/21 | 67500-ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied)<br>22500-ഗുണഭോക്തൃ വിഹിതം |
| 2 | കിഴങ്ങ് വർഗ്ഗ വിളകളുടെ വിത്ത് വിതരണം<br>പ്രോജക്ട് നം. 65/21 | 200000-വികസന ഫണ്ട് |
| 3 | കുറ്റികുരുമുളക് തൈ വിതരണം<br>പ്രോജക്ട് നം. 90/21 | 50000-വികസന ഫണ്ട്<br>625-തനത് ഫണ്ട്<br>16875-ഗുണഭോക്തൃ വിഹിതം |
| 4 | രോഗം ബാധിച്ച തെങ്ങ് വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈ വെയ്ക്കൽ, പ്രോജക്ട് നം. 77/21 | 12000-വികസന ഫണ്ട്<br>4000-ഗുണഭോക്തൃ വിഹിതം |
| 5 | പച്ചക്കറി വികസന പദ്ധതി | 7500-വികസന ഫണ്ട് |

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് വിവിധ നടീൽ വസ്തുകൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/27.08.21) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കുകയുണ്ടായി. കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് നടീൽ വസ്തുക്കൾ വാങ്ങുന്നത് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് നേരിട്ടാണെന്നും ആയതിനാലാണ് ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾക്കും ഈ രീതി തുടർന്നതെന്നുമാണ് നിർവ്വഹണ

ഉദ്യോഗസ്ഥൻ മറുപടിയിൽ സൂചിപ്പിച്ചത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവിന് വിരുദ്ധമായുള്ള വാങ്ങൽ നടപടികൾ ഭാവിയിൽ കർശനമായി ഒഴിവാക്കേണ്ടതാണ്.

## 1-28 കുടിവെള്ള വിതരണം - നിബന്ധനയ്ക്ക് വിരുദ്ധമായി തുക അനുവദിച്ചു

കുടിവെള്ള വിതരണം നടത്തിയ വ്യക്തിക്ക് ക്വട്ടേഷൻ നിബന്ധനയ്ക്ക് വിരുദ്ധമായി അധിക പ്രതിഫലം നൽകി. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി 2019-20, 2020-21 വർഷങ്ങളിൽ നടപ്പിലാക്കിയ 161/21-ാം നമ്പർ സ്പിൽ ഓവർ പ്രോജക്ടിലും 255/21-ാം നമ്പർ പ്രോജക്ടിലുമാണ് അനുവദനീയമായതിലും അധികം തുക നൽകിയത്.

കുടിവെള്ള വിതരണത്തിനുള്ള വാഹനം 1കി.മീ. സഞ്ചരിക്കുന്നതിനുള്ള റേറ്റ് ക്വോട്ട് ചെയ്യണമെന്നാണ് 26.03.2019 ലെ ക്വട്ടേഷൻ നോട്ടീസിൽ പറഞ്ഞിരുന്നത്. മിനിമം ചാർജ്ജ് 3കിലോമീറ്ററിന് 650രൂപയും അതിനു മുകളിൽ ഓരോ കിലോമീറ്ററിനും 65രൂപയും നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.വി.എൻ.സതീഷ്ചന്ദ്രൻ, വലിയകുന്നത്ത് പുത്തൻവീട്, വെസ്റ്റ് ഓതറ എന്ന വ്യക്തിയുടെ ക്വട്ടേഷൻ, 01.04.2019ലെ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച്, ടിയാന് കുടിവെള്ള വിതരണത്തിനു അനുമതി നൽകി.

ഒരു ദിവസത്തെ ഓട്ടത്തിന് ആദ്യത്തെ 3കിലോമീറ്ററിന് 650രൂപയും അതിനു മുകളിൽ ഓരോ കിലോമീറ്ററിനും 65രൂപയും എന്ന നിരക്കിൽ പ്രതിഫലം നൽകുന്നതിനു പകരം 2000ലിറ്റർ കുടിവെള്ളം വിതരണം ചെയ്യുന്ന ഓരോ ട്രിപ്പിനും മിനിമം ചാർജ്ജ് നൽകുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. ഇത് ക്വട്ടേഷൻ നിബന്ധനയ്ക്ക് വിരുദ്ധമാണ്. അതിനാൽ പ്രതിദിനം വൻതുക അധികം ചെലവഴിക്കേണ്ടിവന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| തീയതി | ജി.പി.എസ് ലോഗ് പ്രകാരം വാഹനം ഓടിയ ദൂരം (Km) | അനുവദനീയമായ തുക (Minimum ₹650/3km + @₹65/ Km | അനുവദിച്ച തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 01.04.2020 | 64.87 | 4671.55 | 8710 | 4038.45 |
| 02.04.2020 | 76.27 | 5412.55 | 9035 | 3622.45 |
| 03.04.2020 | 91.51 | 6403.15 | 9555 | 3151.85 |

ഓരോ ട്രിപ്പിനും മിനിമം ചാർജ്ജ് എന്ന നിബന്ധന ക്വട്ടേഷൻ നോട്ടീസിലോ സമർപ്പിക്കപ്പെട്ട ക്വട്ടേഷനിലോ പറഞ്ഞിട്ടില്ല. ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ ഇപ്രകാരം അധികം പ്രതിഫലം നൽകിയിട്ടുണ്ട്.

വാഹനത്തിന്റെ ലോഗ് ബുക്കും ജിപിഎസ് ലോഗും ക്രോസ് ചെക്ക് ചെയ്തിട്ടല്ല തുക നൽകിയിട്ടുള്ളത്. ജി.പി.എസ്.ലോഗ് പ്രകാരം വാഹനം ഓടിയ ദൂരവും വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ദൂരവും പൊരുത്തപ്പെടുന്നില്ല. ഉദാഹരണം ചുവടെ.

| തീയതി | വാഹനം ഓടിയ ദൂരം (Km) | | വ്യത്യാസം (Km) |
|---|---|---|---|
| | ജി.പി.എസ്.ലോഗ് പ്രകാരം | വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം | |
| 08.04.2019 | 20.7 | 27 | 6.3 |
| 09.04.2019 | 19 | 62 | 43 |
| 10.05.2019 | 138.87 | 158 | 19.13 |

2020-21 വർഷത്തേക്ക് ആവിഷ്കരിച്ച കുടിവെള്ള വിതരണ പ്രോജക്ടിലും ഇതേ വ്യക്തിക്കുതന്നെ കരാർ നൽകുകയും, മേൽപ്പറഞ്ഞ പ്രകാരം അധികം തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ വിഷയം സംബന്ധിച്ച് 25.08.2021ൽ 13-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. കോവിഡ് പൊട്ടിപ്പുറപ്പെടുകയും ലോക്ക്ഡൌൺ നിലവിൽ വരികയും ചെയ്ത സാഹചര്യത്തിൽ, ഇടവഴികളിലൂടെ സഞ്ചരിച്ച് കുടിവെള്ള വിതരണം നടത്തുന്നതിന് ചെറിയ വാഹനം അനിവാര്യമായതിനാലും, സ്വന്തമായി കുടിവെള്ള സ്രോതസ്സ് ഉള്ളതിനാലും ശ്രീ.സതീഷ് ചന്ദ്രന് അനുമതി നൽകുകയായിരുന്നെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. എന്നാൽ ക്വട്ടേഷനിലെ നിബന്ധന ലംഘിച്ച് അധിക പ്രതിഫലം നൽകിയതു സംബന്ധിച്ച് മറുപടിയിൽ വിശദീകരിച്ചിട്ടില്ല.

2019-20, 2020-21വർഷങ്ങളിൽ കരാറുകാരന് നിബന്ധനകൾക്ക് വിരുദ്ധമായി പ്രതിഫലം നൽകിയതുവഴി വൻതുക അധികം ചെലവഴിക്കേണ്ടിവന്നു. ഇതു സംബന്ധിച്ച് വകുപ്പുതലത്തിൽ വിശദമായ തുടർ പരിശോധനയും നടപടിയും ആവശ്യമാണ്.

## 1-29 കുടിവെള്ള വിതരണം - കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത് ആളിന് കരാർ നൽകിയില്ല

പ്രോജക്ട് നം.255/21

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് 2021-22വർഷം കുടിവെള്ള വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ച പ്രോജക്ട് പ്രകാരം ലഭിച്ച ക്വട്ടേഷനുകളിൽ, കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ് ആളിന് കരാർ നൽകിയില്ല.

" വരൾച്ച – കുടിവെള്ള വിതരണം " എന്ന പ്രോജക്ട് പ്രകാരം ജിപിഎസ് ഘടിപ്പിച്ച വാഹനത്തിൽ 5000ലിറ്റർ/3000ലിറ്റർ കുടിവെള്ളം വിതരണം ചെയ്യാൻ 12.02.2021ൽ ക്വട്ടേഷൻ ക്ഷണിച്ചിരുന്നു. ചുവടെ പറയുന്ന വ്യക്തികൾ ക്വട്ടേഷൻ സമർപ്പിച്ചിട്ടുണ്ട്.

| പേര് | ക്വോട്ട് ചെയ്ത തുക (കിലോമീറ്ററിന് ) |
|---|---|
| റജി വർഗ്ഗീസ് | 60 |
| വി.എൻ.സതീഷ് ചന്ദ്രൻ | 70 |
| ജയപ്രകാശ് ആർ | 88 |
| അനിൽകുമാർ | 110 |
| രാഹുൽരാജ് | 89 |
| ഷൈൻ വി | 69 |

ഇവരിൽ കിലോമീറ്ററിന് 88രൂപ നിരക്ക് ക്വോട്ടു ചെയ്ത ശ്രീ.ജയപ്രകാശ് എന്ന വ്യക്തിയുമായി റേറ്റ് നെഗോഷ്യേറ്റ് ചെയ്ത് 76രൂപ നിരക്ക് അംഗീകരിച്ച് കുടിവെള്ള വിതരണം ടിയാനെ ഏൽപ്പിച്ചുകൊടുക്കുന്നതിന് 26.02.2021ൽ 1/15-ാം നമ്പരായി ഗ്രാമപ്പഞ്ചായത്ത് കമ്മറ്റി തീരുമാനം കൈക്കൊണ്ടു.

കുറഞ്ഞ നിരക്ക് ക്വോട്ടു ചെയ്ത ശ്രീ. റജി വർഗ്ഗീസ്, ശ്രീ. ഷൈൻ വി എന്നിവരെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കണമെന്ന് 18.08.2021 ൽ 8-ാം നമ്പർ എൻക്വയറി മുഖേന സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നു. ശ്രീ. റജി വർഗ്ഗീസിന്റെ ക്വട്ടേഷനിൽ 60രൂപ കാണിച്ചിരുന്നെങ്കിലും 2000ലിറ്ററിനാണ് നിരക്ക് രേഖപ്പെടുത്തിയതെന്നും, നെഗോഷ്യേറ്റ് ചെയ്യുന്നതിനായി വിളിച്ച മീറ്റിംഗിൽ റേറ്റ് കുറയ്ക്കാൻ അദ്ദേഹം തയ്യാറായില്ലെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. ശ്രീ.ഷൈനിന്റെ വാഹനത്തിൽ ജിപിഎസ് ഘടിപ്പിച്ച രേഖകൾ ഇല്ലായിരുന്നെന്നും സെക്രട്ടറി അറിയിച്ചു. എന്നാൽ മറുപടി സാധൂകരിക്കുന്ന രേഖകൾ ഒന്നുംതന്നെ ലഭ്യമാക്കിയില്ല. കുറഞ്ഞ റേറ്റ് സമർപ്പിച്ച വ്യക്തിയെ ഒഴിവാക്കാനിടയായ സാഹചര്യം വകുപ്പുതലത്തിൽ അന്വേഷിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

## 1-30 ടെണ്ടർ കുറവ് തിരിച്ചടച്ചു

മരാമത്ത് ബില്ല് തീർപ്പാക്കിയപ്പോൾ കുറയ്ക്കാതിരുന്ന ടെണ്ടർ കുറവ് ഓഡിറ്റ് കണ്ടെത്തിയപ്പോൾ തിരിച്ചടച്ചു.

4104രൂപയാണ് ഓഡിറ്റ് അന്വേഷണം(നം.12/തീയതി:)നൽകിയതിനെ തുടർന്ന് കുറ്റൂർ അസി.എഞ്ചിനിയർ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടച്ചത്(രസീത് നം.121030100813/26.08.2021).

പശ്ചാത്തല വിവരങ്ങൾ:

പ്രോജക്ട് 16-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിൽ ശിശുസൗഹൃദ ടോയിലറ്റ്.

അടങ്കൽ: റോഡിതര സംരക്ഷണ ഗ്രാന്റ് 900000 രൂപ.പ്രോജക്റ്റിന് 2 ഇ ടെണ്ടർലഭിച്ചു.കരാറുകാരായ പി.എ മാത്യു,കെ.എം യോഹന്നാൻ എന്നിവർ തുല്യതുക (85270രൂപ) യ്ക്കാണ് ഇ ടെണ്ടർ സമർപ്പിച്ചത്. നെഗോസിയേഷനിൽ കോട്ട് ചെയ്ത തുകയിൽ 0.5% കുറച്ച് പണിചെയ്യാമെന്ന് കരാറുകാരനായ പി.എ മാത്യു അസി.എഞ്ചിനിയർക്ക് കത്ത് നല്കിയിരുന്നു.ബില്ല് തീർപ്പാക്കിയപ്പോൾ ഈ കുറവ് വരുത്തിയില്ല.എം.ബുക്ക് (86/21 ) അനുസരിച്ച് ആകെ മൂല്യം 820717 രൂപ.കരാറുകാരൻ രേഖാമൂലം എഴുതി നല്കിയത് അനുസരിച്ച് ആകെ മൂല്യത്തിന്റെ 0.5% (820717X0.5%)=4104രൂപ കുറച്ച് ബില്ല് തീർപ്പാക്കേണ്ടിയിരുന്നത്.

റോഡ് സംരക്ഷണഗ്രാന്റിൽ നിന്നാണ് ചെലവ്. അതിനാൽ തിരിച്ചടച്ച 4104രൂപ സർക്കാരിൽ ഒടുക്കി സെക്രട്ടറി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 09.08.2021 | KSA/PTA/P4-610/21 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | 07/21- ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 65199 | 0 | 65199 |
| KSEB | 123/21- സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 1577821 | 0 | 1577821 |
| KSEB | 157/21- ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ | 283396 | 0 | 283396 |
| KWA | 226/21- ജലജീവൻ പദ്ധതി - ഗാർഹിക കുടിവെള്ള കണക്ഷൻ | 1963650 | 0 | 1963650 |
| KWA | 245/21- പൈപ്പ്‌ലൈൻ മാറ്റി സ്ഥാപിക്കൽ | 300000 | 0 | 300000 |
| KWA | 40/21- പൈപ്പ്‌ലൈൻ എക്സ്റ്റൻഷൻ | 933000 | 0 | 933000 |
| KWA | 41/21- പൈപ്പ്‌ലൈൻ എക്സ്റ്റൻഷൻ | 100000 | 0 | 100000 |
| | ആകെ | 5223066 | | 5223066 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

### 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |

| | | | | | |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | 763923 | 631570 | 307647 | 0 | 323923 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| ഇല്ല | | | | |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| ഇല്ല | | | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 2-4 | 2012-13 | 2 | ഫ്രണ്ട് ഓഫീസിൽ ടോക്കൺ സംവിധാനം ആർപ്പെടുത്തിയില്ല | പരാമർശങ്ങൾ നിയമസഭാ സമിതിയുടെ പരിഹണനയിലാണ്. |
| 2014-15 | 2-2 | 2016-17 | അനുബന്ധം - 4 | തൊഴിൽ നികുതി | |
| 2015-16 | 2-2 | 2016-17 | അനുബന്ധം - 5 | തൊഴിൽ നികുതി | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ | : | 72656784 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 63042335 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 251650 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 108000 | ഡോ.സുനിൽ എസ്, മെഡിക്കൽ ഓഫീസർ (ISM) |
| 1-20 | 143650 | ഡോ.സുനിൽ എസ്, മെഡിക്കൽ ഓഫീസർ (ISM) |
| ആകെ | 251650 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. സുനിൽ എസ്, മെഡിക്കൽ ഓഫീസർ (ISM) | മെഡിക്കൽ ഓഫീസർ (ISM) | |

## <u>4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം</u>

| റിപ്പോർട്ട് വർഷം | വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പിറ്റി.എ/പി3/395/98 തീ.11.1.2000/13.3.2000 | 2 |
| 1997-98 | എൽ.എഫ്.പിറ്റി.എ/പി3/587/98 തീ.24.3.2000/10.10.2000 | 3 |
| 1998-99 | എൽ.എഫ്.പിറ്റി.എ/പി3/455/01 തീ.9.11.2001/25.1.2002 | 19 |
| 1999-2000 | എൽ.എഫ്.പിറ്റി.എ/പി4/610/02 തീ.03.3.2003/19.4.2003 | 15 |
| 2000-01 | എൽ.എഫ്.പിറ്റി.എ/പി4/289/03 തീ.09.10.2003/16.12.2004 | 38 |
| 2001-02 | എൽ.എഫ്.പിറ്റി.എ/പി4/582/04 തീ.14.10.2004/14.2.2005 | 13 |
| 2002-03 (ചെലവ്) | എൽ.എഫ്.പിറ്റി.എ/പി8/535/06 തീ.04.10.2006/06.8.2007 | 8 |
| 2003-04 | എൽ.എഫ്.പിറ്റി.എ/പി5/565/08 തീ.30.5.2009 | 1 |
| 2004-05 | എൽ.എഫ്.പിറ്റി.എ/പി5/566/08 | 3 |

| | | |
|---|---|---|
| | തീ.30.5.2009 | |
| 2005-06 | എൽ.എഫ്.പിറ്റി.എ/പി6/251/09 തീ.10.8.2009 | 6 |
| 2006-07 | എൽ.എഫ്.പിറ്റി.എ/പി11/171/11 തീ.30.11.2011 | 18 |
| 2007-08മുതൽ 2009-10 വരെ | എൽ.എഫ്.പിറ്റി.എ/പി11/821/12 തീ.19.10.2012/22.3.2013 | 2 |
| 2010-11മുതൽ 2012-13 വരെ | എൽ.എഫ്.പിറ്റി.എ/പി11/1055/13 തീ.16.10.2014 | 11 |
| 2013-14മുതൽ 14-15 വരെ | എൽ.എഫ്.പി.റ്റി.എ.പി4/295/16 തീ.28.3.16/1.4.16 | 5 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി4/1115/16/ തീ.5.10.2016 | 21 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി4/1031/17 തീ.15.09.17 | 21 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി4.1521/2018 തീയതി 12.12.2018 | 25 |
| 2018-19 | നം.കെ.എസ്.എ.പിറ്റിഎ.പി4-710/19 തീയതി 17.08.2019 | |
| 2019-20 | കെ.എസ്.എ.പിറ്റിഎ.പി4 – 609/2021 തീയതി 01.10.2021 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

പത്തനംതിട്ട ജില്ലയിലെ കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്